(എഫ്) കോടതി വിധികളുടെ അടിസ്ഥാനത്തിൽ ഇനി 1,066 കേസ്സുകളിലായി 13,266.09 ഏക്കർ വനഭൂമി സ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുക്കേണ്ടതായുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ജില്ല	കേസ്സുകളുടെ എണ്ണം	വിസ്തീർണ്ണം
1. കണ്ണൂർ	11	415 .60
2. വയനാട്	38	892 .64
3. കോഴിക്കോട്	17	198 .57
4. മലപ്പുറം	29	750 .17
5. പാലക്കാട്	912	7,407 .67
6. തൃശ്ശൂർ	30	222. 17
7. എറണാകുളം	2	13. 84
8. കൊല്ലം	3	104. 82
9. കോട്ടയം, ഇടുക്കി	21	2,868. 01
10. തിരുവനന്തപുരം	3	394. 60
ആകെ	1,066	13,268.09

മുൻ ഉടമസ്ഥർക്ക് വനഭൂമി തിരികെ നൽകാനാണ് കോടതി ഉത്തരവ് പതിച്ചു കൊടുക്കാനല്ല.

(ജി) ചോദ്യം (ബി) യുടെ മറുപടിയിൽ ഇക്കാര്യം വിശദീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ വനവൃക്ഷത്തോട്ടങ്ങളിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ നടപടി

76 (2789) ശ്രീ. പി. കെ. കുമാരൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വന വൃക്ഷത്തോട്ടങ്ങളിലെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഈ മേഖലയിൽ എന്തെങ്കിലും നേട്ടം കൈവരിക്കാൻ സാധിച്ചുവോ ;എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് എവിടെയൊക്കെയുള്ള തേക്ക് ഉൽപാദനത്തോട്ടങ്ങളിലും പൾപ്പ് ഉല്പാദനത്തോട്ടങ്ങളിലുമാണ് ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ചതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തേക്ക് ഉൽപ്പാദനത്തോട്ടങ്ങളും പൾപ്പ് ഉൽപ്പാദനത്തോട്ടങ്ങളും എത്ര ഹെക്ടറിൽ വീതം വികസിപ്പിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്ത് എവിടെയൊക്കെയാണ് റീ പ്ലാന്റിംഗ് പ്രവർത്തനങ്ങൾ നടന്നുവരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) വനവൃക്ഷത്തോട്ടങ്ങളുടെ വികസനത്തിനായി നൂതന കൃഷിരീതി അവലംബിച്ചിരുന്നുവോ ; എങ്കിൽ വിശദീകരണം വെളിപ്പെടുത്തുമോ ;

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യാവസായിക ആവശ്യങ്ങൾക്ക് വനവിഭവങ്ങൾ എത്രമാത്രം ലഭ്യമാക്കിയിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) സംസ്ഥാനത്തെ വനവൃക്ഷത്തോട്ടങ്ങളിലെ ആവശ്യത്തിനായി വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിക്കുന്ന നഴ്സറികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന കേരളാ ഫോറസ്ട്രി പ്രോജക്ടിന്റെ ഭാഗമായി ആധുനിക സാങ്കേതിക രീതികൾ ഉപയോഗിച്ച് മെച്ചപ്പെട്ട നടീൽവസ്തുക്കൾ നാല് സെൻട്രൽ നഴ്സറികളിൽ ഉൽപാദിപ്പിക്കുകയും അത് ഉപയോഗിച്ച് 317 ഹെക്ടറിൽ തേക്ക് തോട്ടങ്ങളും, 1037 ഹെക്ടറിൽ പൾപ്പ് വുഡ് തോട്ടങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. പ്രസ്തുത തോട്ടങ്ങളിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് മെച്ചപ്പെട്ട പരിപാലനവും നടത്തിവരുന്നു.

(സി) ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉൽപ്പാദിപ്പിച്ച മെച്ചപ്പെട്ട നടീൽ വസ്തുക്കൾ ഉപയോഗിച്ച് ഉണ്ടാക്കിയിട്ടുള്ള തോട്ടങ്ങളുടെ വിസ്തീർണ്ണവും സ്ഥലവും അനുബന്ധം ആറ് (1) ൽ ചേർത്തിട്ടുണ്ട്. †

(ഡി) അനുബന്ധം 1 ൽ വിശദമായി നൽകിയിട്ടുണ്ട്.

(ഇ) റീ പ്ലാന്റിംഗ് പ്രവർത്തനങ്ങൾ നടന്നുവരുന്ന തോട്ടങ്ങളുടെ വിവരങ്ങൾ അനുബന്ധം 2 ൽ നൽകിയിട്ടുണ്ട്. †

(എഫ്) ഉണ്ട്. പ്രധാനമായും മെച്ചപ്പെട്ട വിത്ത് ഉപയോഗിച്ച്, റൂട്ട് ട്രെയിനർ ടെക്നോളജി പ്രകാരം മെച്ചപ്പെട്ട നടീൽ വസ്തുക്കൾ ഉണ്ടാക്കി തോട്ടങ്ങൾ ഉണ്ടാക്കുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.

(ജി) ഉണ്ട്. മെസേഴ്സ് ഗ്രാസിം ഇൻഡസ്ട്രീസ്, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് നൽകിയ വനവിഭവങ്ങളുടെ വിശദാംശം അനുബന്ധം 3-ൽ ചേർത്തിട്ടുണ്ട്. †

---

† അനുബന്ധം VI (a,b,c)

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഉണ്ട്. വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിക്കുവാനായി നാല് സെൻട്രൽ നഴ്സറികൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ കംപോസ്റ്റ് ഉണ്ടാക്കുന്ന യൂണിറ്റ്, മിസ്റ്റ് ചേംബറുകൾ, തണൽ ഷെഡ്, സീഡ് പരിശോധനാ ലാബ്, സ്ഥിരം ജലസേചന സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. മൂന്ന് നഴ്സറികളിൽ ഇവ ഏറെക്കുറെ പൂർണ്ണമാക്കിയിട്ടുണ്ട്. കുളത്തൂപ്പുഴ, (തെൻമല ഡിവിഷൻ) വള്ളുവശ്ശേരി (നിലമ്പൂർ നോർത്ത് ഡിവിഷൻ) ചെറുവാഞ്ചേരി (കണ്ണൂർ ഡിവിഷൻ) എന്നീ സ്ഥലങ്ങളിലാണ് ഈ മൂന്ന് നഴ്സറികൾ സ്ഥിതി ചെയ്യുന്നത്. ചാലക്കുടി ഡിവിഷനിലെ ചെട്ടിക്കുളത്താണ് നാലാമത്തെ നഴ്സറി.

നിലമ്പൂർ ഫോറസ്റ്റ് നോർത്ത് ഡിവിഷന്റെ കീഴിൽ നടക്കുന്ന കളവുകൾ

77 (2790) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ നോർത്ത് ഫോറസ്റ്റ് ഡിവിഷന്റെ കീഴിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ താമസിച്ചിരുന്ന ഡിവിഷൻ കോമ്പൗണ്ടിലെ ക്വാർട്ടേഴ്സിൽ നിന്ന് ചന്ദന തൈലവും ചന്ദനത്തടിയും മോഷണം പോയിട്ടുണ്ടോ ;

(ബി) എങ്കിൽ കളവു നടന്ന് രണ്ട് വർഷം കഴിഞ്ഞിട്ടും അന്വേഷണം പൂർത്തിയാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിലമ്പൂർ ഡിവിഷന്റെ കീഴിലുള്ള എടക്കോട് നിന്ന് കഴിഞ്ഞ 3 വർഷത്തിനുള്ളിൽ എത്ര രൂപയുടെ തേക്കുതടി മോഷണം പോയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) എടവണ്ണ, വഴിക്കടവ് റേഞ്ചുകളിൽ ഈ കാലയളവിൽ എത്ര രൂപയുടെ തടി നഷ്ടപ്പെട്ടിട്ടുണ്ട് ;

(ഇ) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്തുമോ :

(എഫ്) ഈ മേഖലയിലെ വ്യാപകമായ വനംകൊള്ള അവസാനിപ്പിക്കുവാൻ എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷണം പൂർത്തിയായിട്ടുണ്ട്.

(സി) 4,93,223 രൂപയുടെ തേക്കുതടി മോഷണം പോയിട്ടുണ്ട്.

(ഡി) 8,43,539 രൂപയുടെ തടി നഷ്ടപ്പെട്ടിട്ടുണ്ട്.

(ഇ) 521 കേസുകൾ.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI (a)

[22-3-2000 ലെ നക്ഷത്രചിഹ്നമിടാത്ത (2789)-ാം നമ്പർ ചോദ്യം കാണുക]

കേരള ഫോറസ്ട്രി പ്രോജക്ടിൽ നിർമ്മിച്ച പൾപ്പ് വുഡ് തോട്ടങ്ങളുടെ വിവരം

വർഷം	ഡിവിഷൻ	റെയിഞ്ച്	സ്ഥലം	വിസ്തീർണ്ണം (ഹെ.)
(1)	(2)	(3)	(4)	(5)
1998-1999	തൃശ്ശൂർ	വടക്കാഞ്ചേരി	പെരുംകുന്ന്	39. 50
1998-1999	മണ്ണാർക്കാട്	അഗളി	ഓന്തുമല	26. 50
1998-1999	മണ്ണാർക്കാട്	അഗളി	കല്ലാമല	20. 00
1998-1999	പുനലൂർ	പത്തനാപുരം	പാടം	50. 00
1998-1999	തിരുവനന്തപുരം	പരുത്തിപ്പള്ളി	കൈതക്കാപ്പുരപ്പ്	32. 00
1998-1999	തിരുവനന്തപുരം	പരുത്തിപ്പള്ളി	കൂട്ടപ്പാറ	38. 00
1998-1999	തിരുവനന്തപുരം	പാലോട്	മൂളച്ചൽ പെരിങ്ങമ്മല	36. 00
1998-1999	തിരുവനന്തപുരം	പാലോട്	ഭരതന്നൂർ	10. 00
			മൊത്തം	252.00
1999-2000	പുനലൂർ	പത്തനാപുരം	പാടം	39. 50
1999-2000	പുനലൂർ	പത്തനാപുരം	കടക്കാമൺ	10. 03
1999-2000	പുനലൂർ	പത്തനാപുരം	പിറവന്തൂർ	17. 80
1999-2000	പുനലൂർ	പത്തനാപുരം	വാഴത്തോപ്പ്	21. 36
1999-2000	പുനലൂർ	പത്തനാപുരം	കടക്കാമൺ	18. 04
1999-2000	പുനലൂർ	അഞ്ചൽ	ആനക്കുളം മടത്തറ	22. 05
1999-2000	തെന്മല	ആര്യൻകാവ്	തലപ്പാറ	10. 05
1999-2000	തിരുവനന്തപുരം	പരുത്തിപ്പള്ളി	കുട്ടപ്പാറ	70. 00
1999-2000	തിരുവനന്തപുരം	പാലോട്	വെളയംദേശം	72. 00
1999-2000	തിരുവനന്തപുരം	കുളത്തുപ്പുഴ	മിലിപ്പാലം	78. 00
1999-2000	മലയാറ്റൂർ	കോടനാട്	മേക്കപ്പാല	150. 43
1999-2000	നെന്മാറ	കൊല്ലങ്കോട്	ചെമ്മണാംപതി	190. 00
1999-2000	കണ്ണൂർ	കാസർഗോഡ്	പല്ലഞ്ചി	5. 47
1999-2000	കണ്ണൂർ	കാസർഗോഡ്	ഗുഡ്ഡുക്ക	8. 94
1999-2000	കണ്ണൂർ	കാസർഗോഡ്	ചല്ലത്തുംകാൽ	8. 66

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
1999-2000	കണ്ണൂർ	കാസർഗോഡ്	വെള്ളകാനം	13. 91
1999-2000	കണ്ണൂർ	കാസർഗോഡ്	കടമനാഡുക്ക	6. 00
1999-2000	കണ്ണൂർ	കാസർഗോഡ്	ആനപ്പാടി	24. 52
1999-2000	കണ്ണൂർ	കാസർഗോഡ്	മണ്ടക്കോൽ	19. 04
		മൊത്തം		**785.80**

കേരള ഫോറസ്ട്രി പ്രോജക്ടിൽ നിർമ്മിച്ച തേക്ക് തോട്ടങ്ങളുടെ പട്ടിക

വർഷം	ഡിവിഷൻ	റെയിഞ്ച്	സ്ഥലം	വിസ്തീർണ്ണം (ഹെ.)
1998-1999	നിലമ്പൂർനോർത്ത്	നിലമ്പൂർ	കരികോർമണ്ണ	10.00
1998-1999	നിലമ്പൂർ സൗത്ത്	കരുളായി	കൽക്കുളം	30.00
1998-1999	പാലക്കാട്	ഒലവക്കോട്	ഡിലിനാൽ	11.96
1998-1999	പാലക്കാട്	ഒലവക്കോട്	ധോണി	7.25
1998-1999	കോന്നി	മണ്ണാറപ്പാറ	ആമയംകയം	12.54
1998-1999	കോന്നി	നടവത്തുമുഴി	കോക്കത്തോട്	24.50
1998-1999	കോന്നി	നടവത്തുമുഴി	കട്ടിയാർ	19.00
			മൊത്തം	115.25
1999-2000	കോന്നി	കോന്നി	മുണ്ടൻമുഴി	14.09
1999-2000	കോന്നി	മണ്ണാറപ്പാറ	പാലാക്കുഴി	24.25
1999-2000	റാന്നി	വടശ്ശേരിക്കര	ചെങ്ങര	37.97
1999-2000	കോതമംഗലം	തൊടുപുഴ	വെള്ളൂർ	52.91
1999-2000	നിലമ്പൂർ നോർത്ത്	നിലമ്പൂർ	കരിംകോർമണ്ണ	7.84
1999-2000	കണ്ണൂർ	കാസർഗോഡ്	ബലവന്തടക	34.82
1999-2000	കണ്ണൂർ	കാസർഗോഡ്	മണ്ടബെട്ട	29.94
			മൊത്തം	**201.82**

അനുബന്ധം VI (b)

ക്രമ നം.	ഡിവിഷന്റെ പേര്	വിസ്തീർണ്ണം(ഹെക്ടറിൽ) തേക്ക്	പൾപ്പ് വുഡ്
(1)	(2)	(3)	(4)
1	തിരുവനന്തപുരം		639. 00
2	പുനലൂർ		323. 78
3	കോന്നി	115. 44	33. 00
4	റാന്നി	37. 97	2. 85
5	തെന്മല		100. 15

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
6	മലയാറ്റൂർ		150. 43
7	കോതമംഗലം	62. 91	39. 50
8	മൂന്നാർ		422. 57
9	മാങ്കുളം		16. 20
10	നെന്മാറ	35. 00	190. 00
11	നിലമ്പൂർ നോർത്ത്	25. 84	
12	കണ്ണൂർ	64. 76	111. 54
13	കോഴിക്കോട്		25. 00
14	മണ്ണാർക്കാട്		50. 00
15	വയനാട് നോർത്ത്		217. 00

അനുബന്ധം VI (c)

1. മെസേഴ്സ് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, വെള്ളൂർ

വർഷം	വനവിഭവം	അളവ്
1996-97	പൾപ്പുവുഡ്	76730 മെ. ടൺ
	ഈറ്റ	135850 "
	മുള	ഇല്ല
1997-98	പൾപ്പുവുഡ്	192175 "
	ഈറ്റ	176000 "
	മുള	15050 "
1998-99	പൾപ്പുവുഡ്	134475 "
	ഈറ്റ	134050 "
	മുള	22335 "
1999-2000	പൾപ്പുവുഡ്	92739 "
	ഈറ്റ	84425 "
	മുള	28861 "
മെസേഴ്സ് ഗ്രാസിം ഇൻഡസ്ട്രീസ്	മാവൂർ	
1996-97	പൾപ്പുവുഡ് + മുള	150000 "
1997-98	പൾപ്പുവുഡ് + മുള	150000 "
1998-99	പൾപ്പുവുഡ് + മുള	110000 "

LIBRARY ARCHIVES Kerala Legislative Assembly